വാർത്തകൾ **ദേശീയം**

# മില്ലി ഗസറ്റിന് പത്ത് വയസ്സ്

**ഇംഗ്ലീഷ്** ദ്വൈവാരികയായ മില്ലി ഗസറ്റ് 2010 ജനുവരി ലക്കത്തോടെ പത്തുവർഷം പൂർത്തിയാക്കി. ദൽഹിയിലെ അബുൽ ഫസൽ എൻക്ലേവിൽനിന്ന് പുറത്തിറങ്ങുന്ന ഈ ടാബ്ലോയ്ഡിന്റെ എഡിറ്റർ ഡോ. സഫറുൽ ഇസ്‌ലാം ഖാൻ ആണ്. (മൗലാനാ വഹീദുദ്ദീൻ ഖാന്റെ മകനാണ് ഡോ. സഫറുൽ ഇസ്‌ലാം)

മുസ്‌ലിം സമുദായവുമായി ബന്ധപ്പെട്ട ദേശീയ, അന്തർദേശീയ വാർത്തകളും വിശകലനങ്ങളുമാണ് മില്ലി ഗസറ്റിന്റെ പ്രധാന ഉള്ളടക്കം. മുഖ്യധാരാ മാധ്യമങ്ങൾ തമസ്കരിക്കുന്ന ഉത്തരേന്ത്യൻ മുസ്‌ലിം ചലനങ്ങൾക്ക് വിശാലമായ ഇടമാണ് മില്ലി ഗസറ്റ് നൽകുന്നത്. മദ്ഹബ്-സംഘടന-കക്ഷി ഭേദങ്ങളില്ലാത്ത റിപ്പോർട്ടിംഗ് ശൈലി അനുപമമാണ്. നിലോഫർ സുഹ്റവർദിയുടെ 'സ്പീക്കിംഗ് ഔട്ട്' കോളവും യൂസുഫിന്റെ കാർട്ടൂൺ പംക്തിയും ആകർഷകങ്ങളാണ്. അന്താരാഷ്ട്ര വാർത്തകൾക്കും ലേഖനങ്ങൾക്കും മില്ലി ഗസറ്റ് കൂടുതൽ സ്ഥലമനുവദിക്കുന്നു.

പരസ്യവരുമാനത്തെ കാര്യമായി ആശ്രയിക്കാത്തതിനാൽ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നതായി എഡിറ്റർ പറയുന്നു. ഇക്കാരണത്താൽ വാരികയാക്കാനുള്ള ആഗ്രഹം പൂവണിയാതെ കിടക്കുന്നു. 32 പേജുകളുണ്ട്. വില 10 രൂപ. വെബ്സൈറ്റ്: www.milligazette.com.

## യൂത്ത് വിംഗ് റേഷൻ വിതരണം ആരംഭിച്ചു

**മംഗലാപുരം** ജില്ലയിലെ 100 ദരിദ്ര കുടുംബങ്ങൾക്ക് മാസം തോറും ആയിരം രൂപയുടെ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്ന റേഷൻ സംവിധാനത്തിന് തുടക്കമായി. ജ.ഇ കർണാടക യൂത്ത് വിംഗിന്റെ ജില്ലാ കമ്മിറ്റിയാണ് പദ്ധതി നടപ്പാക്കുന്നത്.

'പട്ടിണി രഹിത സമൂഹം' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് നടത്തുന്ന പദ്ധതി യു.ടി ഖാദർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതി മഹത്തായ രാജ്യസേവനമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സർക്കാർ അടിയന്തര നടപടികൾ എടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ദരിദ്രരെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ സർക്കാറുകൾ പരാജയപ്പെട്ടതായി ചടങ്ങിൽ സംസാരിച്ച നാഗരിക് സേവാ ട്രസ്റ്റ് പ്രസിഡന്റ് സോമനാഥ് നായക് പറഞ്ഞു. കൃഷിഭൂമി വ്യവസായികൾക്ക് കൈമാറുന്ന സർക്കാറുകൾ ജനവിരുദ്ധ വികസനമാണ് നടപ്പാക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മത ജാതി ഭേദമന്യേയാണ് പദ്ധതി നടപ്പാക്കുന്നത്. ജ.ഇ വനിതാ വിഭാഗത്തിന്റെ പദ്ധതിയിലേക്കുള്ള സംഭാവന ചെക്ക് ചടങ്ങിൽ കൈമാറി.

ജ.ഇ കർണാടക അമീർ അബ്ദുല്ല ജാവേദ് അധ്യക്ഷത വഹിച്ചു. ബി. രാമനാഥ് റായ് എം.എൽ.എ, ബി.എം മുംതാസ് അലി, അബ്ദുൽ റഫീഖ് പുത്തിഗെ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് ബി. മുഹമ്മദ് കുഞ്ഞി, ജില്ലാ സെക്രട്ടറി മുഹമ്മദ് മുബീൻ എന്നിവരും സംസാരിച്ചു.

## സർവീസ് ചട്ടങ്ങൾ ഭരണഘടനാ വിരുദ്ധമാവരുത്

**വിവിധ** മതവിഭാഗങ്ങൾക്ക് അവരുടെ വ്യക്തിനിയമങ്ങൾ നിലനിർത്താനും ആചരിക്കാനും അനുവാദം നൽകുന്ന ഭരണഘടനയുടെ ആത്മാവിന് എതിരാവരുത് സംസ്ഥാനങ്ങളിലെ സർവീസ് ചട്ടങ്ങൾ എന്ന് രാജസ്ഥാൻ മുസ്‌ലിം ഫോറം നേതാവും ജ.ഇ ദേശീയ ശൂറാംഗവും സംസ്ഥാന അമീറുമായ എഞ്ചിനീയർ മുഹമ്മദ് സലിം അഭിപ്രായപ്പെട്ടു.

രാജസ്ഥാനിലെ പോലീസ് കോൺസ്റ്റബിളായ ലിയാഖത്ത് അലിയെ ബഹുഭാര്യാത്വത്തിന്റെ കാരണത്താൽ സർവീസിൽനിന്ന് നീക്കംചെയ്ത രാജസ്ഥാൻ ഹൈക്കോടതി വിധിയെ ഈയിടെ സുപ്രീംകോടതി ശരിവെച്ചിരുന്നു.

ഈ വിധി ഞെട്ടിക്കുന്നതും മുസ്‌ലിം വ്യക്തിനിയമത്തിലുള്ള കൈകടത്തലുമാണെന്നാണ് ഫോറം പ്രതികരിച്ചത്. സർക്കാർ ജോലിക്കാർക്ക് ഒരു ഭാര്യ നിലവിലിരിക്കെ രണ്ടാം വിവാഹം നിഷേധിക്കുന്ന രാജസ്ഥാൻ സർവീസ് റൂൾ വ്യക്തി നിയമത്തിന് മുകളിലാവരുത്. പ്രത്യേക വ്യക്തിനിയമങ്ങളുള്ള വിഭാഗക്കാരുടെ കാര്യത്തിൽ അതിനാവണം ആദ്യ പരിഗണന. ഭരണഘടനക്ക് വിരുദ്ധമായ സർവീസ് ചട്ടങ്ങൾ പരിഷ്കരിക്കുകയും വേണം – ഫോറം ആവശ്യപ്പെട്ടു.

ഫോറം പ്രസിഡന്റ് ഖാരി മുഈനുദ്ദീൻ, ഇമാമുദ്ദീൻ കോൺട്രാക്ടർ, അഡ്വ. മുജാഹിദ് അലി നഖ്‌വി, അബ്ദുൽ ലത്വീഫ് ആർക്കോ, നാസിമുദ്ദീൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## അഅ്സംഗഢുകാർ വിവേചനത്തിനിരകളാവുന്നു

നിരന്തരമായി ഭീകരത ആരോപിക്കപ്പെടുന്ന അഅ്സംഗഢ് നിവാസികൾ വിവേചനത്തിനിരയാവുന്നതായി റിപ്പോർട്ട്. വിദ്യാഭ്യാസ–തൊഴിൽ മേഖലകളിൽ വിവേചനം ശക്തമാണ്.

ബട്‌ല ഹൗസ് വ്യാജ ഏറ്റുമുട്ടലിനു ശേഷം ബഹുരാഷ്ട്ര കമ്പനികളിൽ പോലും വിദ്യാസമ്പന്നരായ അഅ്സംഗഢുകാർ തഴയപ്പെടുന്നു. പാസ്പോർട്ട് അപേക്ഷകൾ തടയപ്പെടുന്നു. വിദേശയാത്രാ വേളയിൽ അഅ്സംഗഢുകാർക്ക് സുരക്ഷാ പരിശോധന വേറെ തന്നെയാണ്.

ബട്‌ല ഹൗസ് സംഭവത്തിനിടെ ഓടിരക്ഷപ്പെട്ടു എന്ന് ആരോപിക്കപ്പെടുന്ന ഷഹ്ബാസ് പിടിക്കപ്പെട്ടതോടെ അഅ്സംഗഢ് വീണ്ടും ദേശീയ മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ്.

**അബ്ബാദ്**